ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ തറയിൽ കടവ്, കായംകുളം പൊഴി, ജില്ലാ ആശുപത്രിക്ക് വടക്കുവശം, അന്ധകാരനഴി, കുത്തിയ തോട്, ഒറ്റമശ്ശേരി, പട്ടണക്കാട്, അർത്തുങ്കൽ, അന്ധകാരനഴിപൊഴി, വാടയ്ക്കൽ ചാപ്പക്കടവ്.

എറണാകുളം ജില്ലയിൽ വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്, ഞാറയ്ക്കൽ.

തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി, കൂലിമുട്ടം.

മലപ്പുറം ജില്ലയിൽ മരക്കടവ്, ചീരൻ കടപ്പുറം, പരപ്പനങ്ങാടി.

കോഴിക്കോട് ജില്ലയിൽ മടക്കര, അയണിക്കാട്, കൊയിലാണ്ടി.

കണ്ണൂർ ജില്ലയിൽ മാട്ടൂൾ അറയ്ക്കൽ.

കാസർഗോഡ് ജില്ലയിൽ അജാനൂർ കടപ്പുറം.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20.23 കോടി രൂപയും സ്റ്റേറ്റ് ഫണ്ടിൽ നിന്നും 10.65 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് പദ്ധതിയിൽ നിന്നും 7.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇരവിപുരം പ്രദേശത്തെ കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റ് സ്കീമിൽ ഉൾപ്പെടുത്തി (മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലം) 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഉള്ളൂർ തോടിന്റെ പുനരുദ്ധാരണ പദ്ധതികൾ

58(1334) ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ തോടിന്റെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പ്രവർത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഉള്ളൂർ തോടിലെ കണ്ണമ്മൂല-ആക്കുളം ഭാഗത്ത് ഇടത്തറയിൽ നിർമ്മിക്കാൻ ടെണ്ടർ ചെയ്ത പാലം നിർമ്മാണം വൈകുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഉള്ളൂർ തോടുമായി സന്ധിക്കുന്ന പട്ടം തോടിന്റെ പ്ലാമൂട്-ഗൗരീശപട്ടം ഭാഗത്ത് ആഴം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉള്ളൂർ തോടിന്റെ ഇടവക്കോട് മുതൽ കണ്ണമ്മൂല വരെയുള്ള ഭാഗങ്ങളിലെ മാലിന്യവും ചെളിയും മാറ്റി വൃത്തിയാക്കൽ, 2410 മീറ്റർ റീട്ടെയിനിംഗ് മതിൽ നിർമ്മിക്കൽ, 3 ക്രോസ് ബാറുകൾ നിർമ്മിക്കൽ, 6 കാൽനട പാലങ്ങൾ നിർമ്മി

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ, പിള്ളവീട് ലെയിനിന് സമീപം ഒരു വണ്ടിപ്പാലം നിർമ്മിക്കൽ മുതലായവ യ്ക്കുള്ള ഒരു പദ്ധതി തീരപഥം തലസ്ഥാന വികസന സമിതിയുടെ പരിഗണനയി ലാണ്.

(ബി) പ്രസ്തുത പണിക്ക് സർക്കാർ 2-3-2001-ൽ ഉത്തരവു നമ്പർ ജി.ഒ.(ആർ.റ്റി.) 272/01/ഐ.ആർ.ഡി. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2003-2004-ലെ സപ്ലിമെന്ററി ഡിമാൻസ് ഫോർ ഗ്രാന്റിൽ 25 ലക്ഷം രൂപയും 2004-2005-ലെ ബഡ്ജറ്റിൽ 45 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിരുന്നു. എന്നാൽ ടി പണിയുടെ ടെണ്ടർ ക്ഷണിച്ച് അനുമതിക്കായി സർക്കാരിലേയ്ക്കയച്ച 2005-2006 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പണിക്ക് തുക വകയിരുത്തിയിട്ടില്ലാ ത്തതിനാൽ ടെണ്ടറിന് അനുമതി ലഭിച്ചിട്ടില്ല.

(സി) ഉള്ളൂർ തോടുമായി ബന്ധിക്കുന്ന പട്ടം തോടിന്റെ പ്ലാമൂട്-ഗൗരീശ പട്ടം ഭാഗത്തെ തോടിന്റെ ആഴം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 37,70,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാ ക്കാവുന്നതാണ്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അത്തോളി പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്താൻ നടപടി

59(1335) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കോഴിക്കോട് നഗരത്തിന് പുറമേ ഏതെല്ലാം പഞ്ചായത്തുകളാണ് ശുദ്ധജലം വിതരണം നൽകുന്നതിന് ഇപ്പോൾ സ്ഥലം എടുത്തുകഴിഞ്ഞിട്ടുള്ളത്;

(ബി) അത്തോളി പഞ്ചായത്തുകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടു ള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കുവേണ്ടി മൊത്തം 26.786 ഹെക്ടർ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) അപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly